പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1190 — 29.09.2011-ൽ മറുപടിയ്ക്ക്

## ബേക്കൽ ടൂറിസം- എയർസ്ട്രിപ്പ് നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | ശ്രീ.എ.പി.അനിൽകുമാർ (പട്ടികജാതി- പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) കാസർഗോഡ് ജില്ലയിൽ ബേക്കൽ ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് എയർസ്ട്രിപ്പ് നിർമ്മിക്കുന്നതിന് പ്രാഥമികാനുമതി നൽകിയിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ; | (എ) കാസർഗോഡ് ജില്ലയിൽ ബേക്കൽ ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് അടിസ്ഥാനസൗകര്യവികസനത്തിനായി പെരിയ വില്ലേജിലെ കനിയംകുണ്ട് എന്ന സ്ഥലത്ത് എയർസ്ട്രിപ്പ് സ്ഥാപിക്കുന്നതിന് സ.ഉ.(എം.എസ്).നം.50/2011/ടൂറിസം തിയതി 14.02..2011 പ്രകാരം തത്വത്തിൽ അംഗീകാരം നർകിയിട്ടുണ്ട്. |
| ബി) ഇതു സംബന്ധിച്ച് തുടർനടപടികൾ എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ? | ബി) എയർസ്ട്രിപ്പ് സ്ഥാപിക്കുന്നതിനായി പെരിയ വില്ലേജിലെ കനിയംകുണ്ട് എന്ന സ്ഥലത്ത് 80.41 ഏക്കർ സ്ഥലം ജില്ലാ കളക്ടർ നിർദ്ദേശിച്ചിട്ടുണ്ട്. അതിൽ 54.12 ഏക്കർ സർക്കാർ ഭൂമിയും 26.29 ഏക്കർ സ്വകാര്യഭൂമിയും ആണ്. സർക്കാർ ഭൂമി കൈമാറ്റത്തിനും സ്വകാര്യഭൂമി ഏറ്റെടുക്കുന്നതിനുമായുള്ള പ്രാരംഭനടപടികൾ സ്വീകരിച്ചിട്ടുണ്ട്. സർക്കാർ ഭൂമി ടൂറിസം വകുപ്പിന് കൈമാറുന്നതിനായി ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് അതോറിറ്റിയുടെ (CIAL) വിദഗ്ദ സംഘം പ്രസ്തുത സ്ഥലം സന്ദർശിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ